പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1878 08.06.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി.രാജേഷ് | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ദിവസേന ഡീസൽ, പെട്രോൾ വില വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം കൂടിവരുന്ന സാഹചര്യത്തിൽ ഇത് മറികടക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഡ്രൈവർമാർക്ക് PCRA മുഖാന്തിരവും വാഹന നിർമ്മാതാക്കൾ മുഖാന്തിരവും ട്രെയിനിംഗ് നൽകി വരുന്നുണ്ട്. ഇതുകൂടാതെ ഓരോ അസി. വർക്ക്സ് മാനേജർ (മെയിന്റനൻസ്)ന്റെയും മേൽ നോട്ടത്തിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും ഒരു അസി. വർക്ക്സ് മാനേജരെ (ഫ്യൂവൽ സെൽ) ഇതിന് മാത്രമായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എല്ലാ വിഭാഗം ജീവനക്കാരെയും യോജിപ്പിച്ചുകൊണ്ടു ഗ്യാരേജ് മീറ്റുകളും ബോധവൽക്കരണ ക്ലാസുകളും ട്രെയിനിംഗും നടന്നു വരുന്നു. കൂടാതെ ഇന്ധന വില താരതമ്യേന കുറഞ്ഞ ഇലക്ട്രിക് ബസുകൾ, സി.എൻ.ജി. ബസുകൾ എന്നിവ ഓടിക്കുന്നതിന്റെ സാധ്യത പഠനങ്ങൾ നടന്നു വരുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സിയുടെ നഷ്ടം നികത്തുന്നതിന് പുതിയ പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? | (ബി) | കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കുന്നതിനും ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി മൂന്ന് മേഖലകളായി തിരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് |

(ഒപ്പ്)

സെക്ഷൻ ഓഫീസർ